വാല്യം: 5 ലക്കം: 4
ഡിസംബർ 2016

# അഭയം

## മലബാർ കാൻസർ സെന്റർ വാർത്താപത്രിക



ഹോസ്പിറ്റൽ ദിനാഘോഷം പ്രത്യേക പതിപ്പ്

**മലബാർ കാൻസർ സെന്റർ**
തലശ്ശേരി, കണ്ണൂർ



## മുന്നുര

ശില്പി, ചിത്രകാരൻ, കവി എന്നിങ്ങനെ വിവിധ മേഖലകളിൽ ലോകമറിയുന്ന വ്യക്തിയാണ് മൈക്കലാഞ്ചലോ. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയുടെ താഴികക്കുടം മൈക്കലാഞ്ചലോയുടെ കരവിരുതിൽ പിറന്നതാണ്. അത്ഭുതം അതല്ല, സെന്റ് പീറ്റേഴ്സ് ബസലിക്കയുടെ നിർമ്മാണ ജോലി ഏറ്റെടുക്കുമ്പോൾ അദ്ദേഹത്തിന് 72 വയസ്സായിരുന്നുവെന്നതാണ്. തന്റെ 22ാം വയസ്സിൽ പിയാത്ത എന്ന ശിൽപം നിർമ്മിച്ച് ലോകത്തെ അത്ഭുതപ്പെടുത്തിയ മൈക്കലാഞ്ചലോ ചെറുപ്പത്തിന്റെ അതേ ഉത്സാഹത്തോടെ ബസലിക്കയുടെ പണി ഏറ്റെടുത്തു. എൺപത്തിയൊൻപതാമത്തെ വയസ്സിൽ മരണം സംഭവിക്കുന്നതുവരെ താൻ ഏറ്റെടുത്ത ജോലിയിൽ വ്യാപൃതനായിരുന്നു മൈക്കലാഞ്ചലോ.

ലാഭനഷ്ടങ്ങളുടെ കണക്കെടുപ്പ് നടക്കുന്ന വേളയായ ഡിസംബറിൽ എഴുതാനിരുന്നപ്പോൾ ആദ്യം ഓർമ്മ വന്നത് മൈക്കലാഞ്ചലോയെക്കുറിച്ചാണ്. വാർദ്ധക്യത്തിന്റെ പരശതം അവശതകളേയും അവഗണിച്ച് ഒരു മനുഷ്യൻ താൻ ഏറ്റെടുത്ത ഉത്തരവാദിത്വത്തിൽ മുഴുകി ജീവിച്ചുവെങ്കിൽ നമ്മൾക്ക് എന്താണ് ചെയ്തുകൂടാത്തത്?

2016 എം.സി.സിയെ സംബന്ധിച്ച് നല്ല വർഷമായിരുന്നു. ശുചിത്വ മിഷനും കണ്ണൂർ ജില്ലാ ഭരണകൂടവും ചേർന്ന് നടത്തിയ മത്സരത്തിൽ ജില്ലയിലെ ഏറ്റവും വൃത്തിയുള്ള ഓഫീസിനു ലഭിക്കുന്ന ഗോൾഡൻ ക്രോ അവാർഡ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അവാർഡ്, എന്നീ അംഗീകാരങ്ങൾ എം.സി.സിക്ക് ലഭിച്ചു. സന്തോഷത്തിനപ്പുറം അത് ഞങ്ങളെ കൂടുതൽ ശ്രദ്ധാലുക്കൾ ആക്കുന്നു. ചുവടുകൾ പിഴയ്ക്കാതെ ഇനിയും മുന്നേറാൻ.

സ്വീഡനിലെ ആദ്യകാല സർവ്വകലാശാലകളിൽ ഒന്നായ ഗോത്തൻബർഗ് യുണിവേഴ്സിറ്റിയുടെ ആരോഗ്യ വൈജ്ഞാനിക വിഭാഗമായ സാഹൽഗ്രെൻസ്ക അക്കാദമിയും എം.സി.സിയും വൈദ്യശാസ്ത്ര ഗവേഷണ മേഖലയിൽ പരസ്പര സഹകരണം ഉറപ്പാക്കുന്ന ധാരണാപത്രത്തിൽ ഒപ്പുവെച്ചതും ഈ വർഷം തന്നെയാണ്.

മലബാർ കാൻസർ സെന്റർ രൂപംകൊണ്ട ശേഷം ആദ്യമായി ഒരു ഗവേണിംഗ് ബോഡി യോഗത്തിന് എം.സി.സി വേദിയായി എന്നതും ഈ വർഷത്തെ സന്തോഷങ്ങളിൽ ഒന്നാണ്. അത് മാത്രമല്ല യോഗത്തിൽ എം.സി.സിയെ അർബുദ രോഗ പഠനങ്ങൾക്കായുള്ള ബിരുദാനന്തര ബിരുദ പഠനഗവേഷണ കേന്ദ്രമായി ഉയർത്താൻ 600 കോടി രൂപയുടെ പദ്ധതിയും പ്രഖ്യാപിച്ചു.

എം.സി.സിയുടെ പതിനഞ്ചാം വാർഷികാഘോഷവും ജീവനക്കാരുടെ കുടുംബ കൂട്ടായ്മയും സംഘടിപ്പിക്കാനായത് 2016 നെ എം.സി.സിയ്ക്ക് പ്രിയപ്പെട്ടതാക്കി. ഇഗ്നൈറ്റ് എന്ന് പേരിട്ട ആഘോഷ പരിപാടിയുടെ വിശദ വിവരങ്ങൾ ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്.

എം.സി.സി യുടെ ചരിത്രത്തിലെ സുവർണ്ണ നിമിഷങ്ങളുടെ വർഷമായിരുന്നു 2016. കേട്ട ഗാനം മധുരം, കേൾക്കാത്തത് അതിമധുരം എന്നാണല്ലോ. വരും വർഷം ഈ വർഷത്തേക്കാൾ സന്തോഷവും നന്മയും ഉണ്ടാവട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ടും ആശംസിച്ചുകൊണ്ടും നിർത്തട്ടെ.

**ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ**

# ഇഗ്നൈറ്റ്



കേരളത്തിൽ അർബുദ ബാധിതരുടെ എണ്ണം ഭയാനകമായി കൂടുന്നതിനുമുമ്പേ, 2001–ൽ ശ്രീ. ഇ.കെ നായനാർ മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ് തലശ്ശേരിയിൽ മലബാർ കാൻസർ സെന്റർ സ്ഥാപിക്കപ്പെടുന്നത്. ഉത്തര മലബാറിലെ അർബുദ ബാധിതർ ചികിത്സയ്ക്കായി തിരിവനന്തപുരത്തുള്ള റീജണൽ കാൻസർ സെന്ററിനെ ആശ്രയിക്കേണ്ടിവന്നിരുന്ന അക്കാലത്ത് മെച്ചപ്പെട്ട ഒരു ചികിത്സാ കേന്ദ്രം മലബാറിൽ തന്നെ ഒരുക്കുക എന്ന ഉദ്ദേശത്തിലാണ് മലബാർ കാൻസർ സെന്റർ രൂപം കൊള്ളുന്നത്.

വടക്കേ മലബാറിലെ കാൻസർ രോഗികളുടെ യാത്രാ ദുരിതം പരിഹരിക്കാൻ ജന്മം കൊടുത്ത സ്ഥാപനം ഇന്ന് അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അപ്പുറം പടർന്നു പന്തലിച്ചിരിക്കുന്നു. ഇപ്പോൾ എം.സി.സിയിൽ ചികിത്സ തേടിയെത്തുന്നത് ഉത്തര മലബാറിലെ ജനങ്ങൾ മാത്രമല്ല മറിച്ച് കേരളത്തിലെ നാനാ ഭാഗങ്ങളിൽ നിന്നും കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുമാണ്.

എം.സി.സി. യുടെ ഈ വളർച്ചയ്ക്ക് കാരണം സേവനമനസ്കരായ ജീവനക്കാരുടെ കൂട്ടായ പ്രവർത്തനമാണെന്നതിൽ തർക്കമില്ല. സേവനത്തിന്റെ പതിനഞ്ചാം വാർഷികത്തിൽ ജീവനക്കാർക്കായി എന്തു ചെയ്യാം എന്ന ചിന്തയിൽ നിന്നാണ് ഒരു കുടുംബസംഗമം നടത്തുവാൻ തീരുമാനിക്കപ്പെട്ടത്. ഇഗ്നൈറ്റ് എന്നു പേരിട്ട ആഘോഷ പരിപാടിയിൽ വിവിധങ്ങളായ കലാ കായികപരിപാടികൾ അരങ്ങേറി

ഒക്ടോബർ 22 മുതൽ നവംബർ 12 വരെയുള്ള ദിവസങ്ങളിലായി പഞ്ചഗുസ്തി, ചെസ്സ്, കാരംസ്, ഫുട്ബോൾ, ക്രിക്കറ്റ്, കമ്പവലി, ബാഡ്മിന്റൺ തുടങ്ങിയ കളികളും ഉറിയടി, മ്യൂസിക്കൽ ചെയർ കുപ്പി



യിൽ വെള്ളം നിറയ്ക്കൽ എന്നീ തമാശക്കളികളും അരങ്ങേറി. മലബാർ മുന്നേറ്റ കഴകം, മലബാർ വാരിയേഴ്സ്, മലബാർ ടസ്ക്കേഴ്സ്, എം.സി.സി വോൾക്കാനോ എന്നിങ്ങനെ നാല് ടീമുകളിലായി ജീവനക്കാർ അണിനിരന്നപ്പോൾ വാശിയേറിയ കായിക മത്സരങ്ങളാണ് നടന്നത്. ക്രിക്കറ്റ്, ഫുട്ബോൾ മത്സരങ്ങൾക്ക് മാഹിയിലെ ജവഹർ നവോദയ വിദ്യാലയത്തിന്റെ ഗ്രൗണ്ടും മറ്റ് മത്സരങ്ങൾക്ക് എം.സി.സിയും സാക്ഷ്യം വഹിച്ചു.

ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി പെൻസിൽ ഡ്രോയിങ്ങ്, ജലച്ചായ ചിത്രം, കരകൗശല വിദ്യ, കഥാ രചന, കവിതാ രചന, തുടങ്ങിയ ഇനങ്ങളിൽ മത്സരം നടത്തി.

കലാപരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം നവംബർ 13 ന് തലശ്ശേരി ലയൺസ് ക്ലബ് ഹാളിൽ നടന്ന ചടങ്ങിൽ ബഹു. കണ്ണൂർ ജില്ലാപോലീസ് മേധാവി ശ്രീ. കൊറി സഞ്ചയ് കുമാർ ഗരുഡിൻ കേക്ക് മുറിച്ച് നിർവ്വഹിച്ചു. വൈകുന്നേരം 5 മണിക്ക് തുടങ്ങിയ പരിപാടിയിൽ വിവിധങ്ങളായ കലാരൂപങ്ങൾ അരങ്ങേറി ജീവനക്കാരും കുടുംബാംഗങ്ങളും അവതരിപ്പിച്ച കലാവിരുന്ന് ഏകദേശം 10 മണിയോളം നീണ്ടു.

## മത്സരവിജയികൾ

**കഥാ രചന**
ഗീത മറിയ (വയസ്സ് 8-12)
പുണ്യ തീർത്ഥ (വയസ്സ്-13-17)

**കവിതാ രചന**
ഹരിചന്ദന (വയസ്സ്-8-12)
ജീസ തോമസ്സ് (വയസ്സ്-13-17)
സിന്ധു. എൻ.ആർ
(പൊതു വിഭാഗം) (നഴ്സിംഗ്)

**കാർട്ടൂൺ (വയസ്സ്-13-17)**
ഒന്നാം സ്ഥാനം - അശ്വിൻ മനോജ്

**പെയിന്റിംഗ് - വാട്ടർ കളർ (വയസ്സ്-8-12)**
ഒന്നാം സ്ഥാനം - കൃഷ്ണപ്രിയ

**പെയിന്റിംഗ് - വാട്ടർ കളർ (വയസ്സ്-13-17)**
ഒന്നാം സ്ഥാനം - ഹരിഷ .കെ

**പെയിന്റിംഗ് - വാട്ടർ കളർ (പൊതു വിഭാഗം)**
ഒന്നാം സ്ഥാനം - ഷാലിൻ സെബാസ്റ്റ്യൻ

**പെൻസിൽ ഡ്രോയിംഗ് (വയസ്സ്-8-12)**
ഒന്നാം സ്ഥാനം - നിഹാൽ.സി

**പെൻസിൽ ഡ്രോയിംഗ് (വയസ്സ്-13-17)**
ഒന്നാം സ്ഥാനം - ജീസ തോമസ്സ്

**പെൻസിൽ ഡ്രോയിംഗ് (പൊതു വിഭാഗം)**
ഒന്നാം സ്ഥാനം - മിഥുൻ ഗോപാലകൃഷ്ണൻ(നഴ്സിംഗ്)


ഷാലിൻ സെബാസ്റ്റ്യൻ



അശ്വിൻ മനോജ്


കൃഷ്ണപ്രിയ


ഹരിഷ .കെ


നിഹാൽ.സി


ജീസ തോമസ്സ്


മിഥുൻ ഗോപാലകൃഷ്ണൻ



2016 നവംബർ 19 ന് തലശ്ശേരി ടൗൺ ഹാളിൽ സജ്ജമാക്കിയ വേദിയിൽ  കേരളത്തിലെ സാമൂഹിക സാംസ്കാരിക രംഗത്തെ 15 പ്രമുഖ വ്യക്തിത്വങ്ങൾ  ഭദ്രദീപം പ്രകാശിപ്പിച്ച് ഹോസ്പിറ്റൽ ദിനാഘോഷത്തിന് തുടക്കം കുറിച്ചു. ബഹു. തലശ്ശേരി എം.എൽ.എ അഡ്വ. എ.എൻ. ഷംസീർ ചടങ്ങിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു. ബഹു. തുറമുഖവികസന-മ്യൂസിയം മന്ത്രി ശ്രീ.കടന്നപ്പള്ളി രാമചന്ദ്രൻ വിശിഷ്ടാതിഥിയായിരുന്നു.

ജീവനക്കാരുടേയും വിദ്യാർത്ഥികളുടേയും വിവിധ കലാപരിപാടികൾ നിറം ചാർത്തിയ രാത്രിക്ക് ഗാനമേളയോടെ തിരശ്ശീല വീണു.





# സ്പന്ദനം



ലോകസാന്ത്വന പരിചരണ ദിനത്തോടനുബന്ധിച്ച് 08/10/2016 സ്പന്ദനം മുഖാമുഖം  എന്ന പലിപാടിമലബാർ കാൻസർ സെന്ററിലെ പാലിയേറ്റീവ്  മെഡിസിൻ വിഭാഗം സംഘടിപ്പിക്കുകയുണ്ടായി. കാൻസർ സെന്ററിലെ ചികിത്സയിലുള്ള സ്റ്റോമരോഗികളുടെ കൂട്ടായ്മയായ സ്പന്ദനം അംഗങ്ങൾക്കായ് ധർമ്മടം ബീച്ച് ടൂറിസ്റ്റ് സെന്ററിൽ വച്ചാണ് ഈ പ്രോഗ്രാം നടത്തിയത്. മാഹി എം.എൽ.എ ഡോ. വി.രാമചന്ദ്രൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഏകദേശം എൺപതോളം അംഗങ്ങളും അവരുടെ ബന്ധുക്കളും ഈ പരിപാടിയിൽ പങ്കെടുത്തു. ഡോ.എം.എസ്. ബിജി സ്വാഗതം പറഞ്ഞു. എല്ലാവരേയുംഅഭിസംബോധന ചെയ്തുകൊണ്ട് സെന്ററിലെ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രമണ്യൻ സംസാരിച്ചു. ഐ.എ.പി.സിയുടെ സ്റ്റേറ്റ് പ്രസിഡണ്ട് പി. നാരായണൻ, കാൻസർ സെന്ററിലെ നഴ്സിംഗ് സൂപ്രണ്ട് അനറ്റ് ഫർണാണ്ടസ് എന്നിവർആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. സ്റ്റോമ നഴ്സ് സിന്ധു. എൻ.ആർ നന്ദി പ്രകാശനം ചെയ്തു. ഇതിനോടനുബന്ധിച്ച് ഹൃദയാലയത്തിലെ മനഃശാസ്ത്ര വിദഗ്ദൻ മിസ്റ്റർ പ്രദീപിന്റെ ക്ലാസ്സുണ്ടായിരുന്നു. സ്റ്റോമയുമായി ബന്ധപ്പെട്ട



മാനസിക സാമൂഹിക പ്രശ്നങ്ങൾ നിവാരണം ചെയ്യുന്നതിന് ഈ ക്ലാസ്സ് പ്രയോജനകരമായി. സർജിക്കൽ വിഭാഗത്തിലെ ഡോ. നിസാമുദ്ദീൻ, സ്റ്റോമനഴ്സ് സിന്ധു. എൻ.ആർ, ഡോ.എം.എസ്. ബിജി എന്നിവരുടെ നേതൃത്വത്തിൽ സ്റ്റോമരോഗികൾക്ക് സംശയ നിവാരണത്തിനും അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും അവസരമുണ്ടായി. ഈ പരിപാടിവളരെ പ്രയോജനകരമായി എന്ന് മിക്കവരും അഭിപ്രായപ്പെട്ടു.

## ഏകദിന ശില്പശാല

ജനപ്രതിനിധികൾക്ക് കാൻസറിനെക്കുറിച്ചുള്ള പ്രാഥമിക അവബോധം നൽകുന്നതിനായി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം കാൻസർ സെന്ററിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു. ബളാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടും ജന പ്രതിനിധികളും പരിപാടിയുടെ ഭാഗമായി കാൻസർ സെന്റർ സന്ദർശിക്കുകയും വിവിധ ഡിപ്പാർട്ട്മെന്റുകളും സൗകര്യങ്ങളും കണ്ട് മനസ്സിലാക്കുകയും സംശയ നിവാരണം നടത്തുകയും ചെയ്തു. തുടർന്ന് മലബാർ കാൻസർ സെന്റർ ഡയറക്ടർ പഞ്ചായത്ത് അംഗങ്ങളുമായി സംവദിക്കുകയും അവരുടെ വിവിധ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. കാസർഗോഡ് ജില്ലയിൽ നിന്ന് വന്ന പഞ്ചായത്ത് പ്രതിനിധികൾ സന്ദർശനം ഏറെ പ്രയോജനകരമായി എന്ന് അഭിപ്രായപ്പെട്ടു.






## അർബുദ നിർണ്ണയ പരിപാടി

മലബാർ കാൻസർ സെന്ററും മുട്ടിൽ വിവേകാനന്ദ മെഡിക്കൽ മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ആദിവാസി മേഖലയിലെ അർബുദ നിർണ്ണയ പരിപാടിയുടെ ഒന്നാം വാർഷികം ആചരിച്ചു. മാസത്തിൽ രണ്ട് തവണ ഊരുകളിൽ ചെന്ന് ക്യാമ്പ് നടത്തുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായി കഴിഞ്ഞ ഒരു വർഷം കൊണ്ട് ആദിവാസി മേഖലയിൽ 24 ഓളം ക്യാമ്പുകൾ സംഘടിപ്പിച്ചു.




## ദേശീയ അർബുദ ദിനാചരണം

ദേശീയ അർബുദ ദിനാചരണത്തിന്റെ ഭാഗമായി മലബാർ കാൻസർ സെന്റർ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം അർബുദം-നേരറിവുകൾ എന്ന പേരിൽ ഒരു സംവാദം സംഘടിപ്പിക്കുകയുണ്ടായി. അർബുദ രോഗ ചികിത്സ, പ്രതിരോധം, കാരണങ്ങൾ തുടങ്ങിയവ സംബന്ധിച്ച് വിവിധ വ്യാജ പ്രചരണങ്ങൾ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന സാഹചര്യത്തിലാണ് എം.സി.സി ഈ പരിപാടി സംഘടിപ്പിച്ചത്. ആരോഗ്യ മേഘലയിലെ വിദഗ്ദർ, മാധ്യമ പ്രവർത്തകർ, കൃഷി വകുപ്പിലെ വിദഗ്ദർ, ഡയറ്റീഷ്യൻ, ടെലികോം വകുപ്പിലെ ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ വിദഗ്ദർ, കാൻസർ രോഗ വിദഗ്ദർ തുടങ്ങിയവർ പങ്കെടുത്തു. വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ, വിവിധ സാമൂഹിക സംഘടനകളുടെ പ്രതിനിധികൾ, ആരോഗ്യ മേഖലയിലെ ഉദ്യോഗസ്ഥർ, പ്രവർത്തകർ തുടങ്ങിയവർ സദസ്സിൽ സന്നിഹിതരായിരുന്നു. ബഹുമാനപ്പെട്ട എം.പി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ പരിപാടി ഉദ്ഘാടനം ചെയ്തു. എം.സി.സി ഡയറക്ടർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സ്വാഗതവും കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മേധാവി ഡോ നീതു എ.പി നന്ദിയും പറഞ്ഞു.

## അതിജീവനം - പരിശീലനം

നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ അർബുദ നിയന്ത്രണ പദ്ധതിയായ അതിജീവനത്തിന്റെ ഭാഗമായി വളണ്ടിയർ ട്രയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. വിവിധ പഞ്ചായത്തുകളിലെ വാർഡ് പ്രതിനിധികളും മറ്റ് സന്നദ്ധപ്രവർത്തകരും പരിശീലന പരിപാടിയിൽ പങ്കെടുത്തു. രണ്ടു ദിവസങ്ങളിലായി നടന്ന പരിപാടി നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. ജാനകി അഗർവാൾ ഉദ്ഘാടനം ചെയ്തു. ഡോ.നീതു എ.പി, ഡോ. ഫിൻസ്. എം. ഫിലിപ്പ് എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. മെഡിക്കൽ ഓഫീസർ ഡോ. രമേശ് ആമുഖഭാഷണം നടത്തി.



# സ്തനാർബുദ ബോധവത്ക്കരണ ദിനാഘോഷം എം.സി.സി യിലും



മലബാർ കാൻസർ സെന്ററിലെ സ്തനാർബുദ ചികിത്സയിലുള്ളവരുടേയും രോഗ വിമുക്തരുടേയും കൂട്ടായ്മയായ തേജസ്സിന്റെ ആഭിമുഖ്യത്തിൽ ദേശീയ സ്തനാർബുദ ദിനമായ ഒക്ടോബർ 24ന് സ്തനാർബുദ ദിനം (പിങ്ക് റിബൺ ഡേ) ആചരിച്ചു. രോഗ ബാധിതരുടേയും രോഗ വിമുക്തരുടേയും അനുഭവം പങ്കിടൽ, സ്വയം തൊഴിൽ പരിശീലനം, കാൻസർ ബോധവൽക്കരണവും രോഗ നിയന്ത്രണവും, ലിംഫെഡിമ ക്ലിനിക്, ബ്രസ്റ്റ് പ്രൊസ്തസിസ് വിതരണം എന്നിവയാണ് രോഗ വിമുക്തരായവരുടെ കൂട്ടായ്മയായ തേജസ്സിന്റെ പ്രധാന പ്രവർത്തനങ്ങൾ.

മലബാർ കാൻസർ സെന്ററിലെ അക്കാഡമിക് സെമിനാർ ഹാളിൽ വച്ച് രോഗികളും കൂട്ടിരിപ്പുകാരും പൊതുജനങ്ങളും പങ്കെടുത്ത ചടങ്ങിൽ തലശ്ശേരി നഗരസഭയുടെ വൈസ് ചെയർപേഴ്സൺ ശ്രീമതി. നജ്മാ ഹാഷിം പരിപാടി ഉദ്ഘാടനം ചെയ്തു. മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ.ബി, നഴ്സിംഗ് സൂപ്രണ്ട് ശ്രീമതി.ആനറ്റ് ഫർണാണ്ടസ്, തേജസ്സ് പ്രസിഡണ്ട് ശ്രീമതി. ഷീലാ സുരേഷ്, സെക്രട്ടറി ശ്രീ. രാംദാസ്, മുൻ പ്രസിഡന്റ് ശ്രീമതി.പുഷ്പാ ആന്റണി എന്നിവർ സംസാരിച്ചു. തുടർന്ന് 'സ്തനാർബുദവും ജനിതകകാരണങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി എം.സി.സി റേഡിയേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.കിരൺ ക്ലാസ്സെടുത്തു.ദേശീയ സ്തനാർബുദ ബോധവൽക്കരണ മാസത്തിന്റെ ഭാഗമായി ഒക്ടോബർ 8ന് സ്തനാർബുദ രോഗികൾക്കുവേണ്ടി ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ സ്തനാർബുദ ചികിത്സാരീതികളെക്കുറിച്ചും ഭക്ഷണരീതികളെക്കുറിച്ചും സ്തനാർബുദ ചികിത്സയ്ക്ക് ശേഷം വ്യായാമത്തിനുള്ള പ്രാധാന്യത്തെക്കുറിച്ചും എം.സി.സിയിലെ വിദഗ്ദർ ക്ലാസ്സെടുത്തു.



# 'നഴ്സിങ്ങ് പരിചരണത്തിലെ പുത്തൻ സങ്കേതങ്ങളും സംഭാവനകളും' ദേശീയ സെമിനാർ

ലോകോത്തര ചികിത്സ ലഭ്യമാക്കാൻ ആരോഗ്യ മേഖലയെ സജ്ജമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി നഴ്സിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നഴ്സിങ്ങ് പരിചരണത്തിലെ പുത്തൻ സങ്കേതങ്ങളെയും സംഭാവനകളെയും കുറിച്ച് ദേശീയ സെമിനാർ 12/11/2016 ന് എം.സി.സി സെമിനാർ ഹാളിൽ നടന്നു. മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ.ബി അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ബാംഗ്ലൂർ നിംഹാൻസ് നഴ്സിങ്ങ് വിഭാഗം മേധാവി പ്രൊഫ. കെ. ലളിത ഉദ്ഘാടനം ചെയ്തു. കാലിഫോർണിയ യൂണിവേഴ്സിറ്റി നഴ്സിങ്ങ് എഡ്യുക്കേഷൻ വിഭാഗം മേധാവി ഡോ. സവിത സിങ്ങ് കാർത്സൻ, കോഴിക്കോട് ഗവൺമെന്റ് നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾ ശ്രീമതി. പൊന്നമ്മ വി, തൃശ്ശൂർ ഗവൺമെന്റ് നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾ ലത. ആർ, ബാംഗ്ലൂർ നിംഹാൻസ് നഴ്സിങ്ങ് വിഭാഗം മേധാവി പ്രൊഫ. കെ. ലളിത, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ചീഫ് നഴ്സിംങ്ങ് ഓഫീസർ  ശ്രീലേഖ ആർ, കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് നഴ്സിങ്ങ് ഡയറക്ടർ ബ്രിഗേഡിയർ സായ് ബാല, കറ്റാനം സെന്റ് തോമസ്സ് കോളജ് വൈസ് പ്രിൻസിപ്പാൾ ഭാസൻ.സി, കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ചീഫ് ക്വാളിറ്റി ഓഫീസർ ഗ്രേസ് മത്തായി, എം.സി.സി ക്ലിനിക്കൽ ഹെമറ്റോളജി ആന്റ് മെഡിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. ചന്ദ്രൻ.കെ.നായർ, സർജിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ.സജിത്ത് ബാബു ടി.പി, നഴ്സിംഗ് സൂപ്രണ്ട് ആനറ്റ് ഫർണാണ്ടസ്, സീനിയർ നഴ്സ് കേണൽ എം.വി.സുഭദ്ര, നഴ്സുമാരായ ലിബി ജോർജ്, ഷൈനി.എ.എഫ്, നവമി, സബിത, ശ്രീലത, ഷൈജ, സിന്ധു. എൻ.ആർ, മായ, സ്മിതാ ഗ്രെയ്സ്, സിന്ധു.എസ്, ബിജിത, എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ കൈകാര്യം ചെയ്തു. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാർ, നഴ്സിങ്ങ് വിദ്യാർത്ഥികൾ ഉൾപ്പെടെ നൂറ്റമ്പതോളം പേർ പരിപാടിയിൽ പങ്കെടുത്തു.

ഉച്ചഭക്ഷണത്തിനുശേഷം  എല്ലാവർക്കും വളരെ ഉപകാരപ്രദമായ ഒരു പാനൽ ഡിസ്കഷൻ നടക്കുകയുണ്ടായി. പാനൽ അംഗങ്ങളായി പ്രൊഫസർ. പൊന്നമ്മ, ശ്രീ. സായ് ബാല, പ്രൊഫ. ലത ആർ. എന്നിവർ പങ്കെടുത്തു. സ്റ്റാഫ് നഴ്സുമാരായ ബിജിത, ശ്രീലത, എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഈ തുടർ വിദ്യാഭ്യാസ പരിപാടി 5 മണിക്ക് നന്ദി പ്രകാശനത്തോടുകൂടി സമാപിച്ചു.









അലീന സഫിയ

സഹദ്








# പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ ഓങ്കോളജി നഴ്സിങ്ങ്

അർബുദ ചികിത്സാ പരിചരണത്തിൽ പ്രത്യേക വൈദഗ്ദ്യം ഉള്ള നഴ്സുമാരുടെ ആവശ്യകത ഏറിവരികയാണ്. അർബുദരോഗികൾക്ക് ഗുണകരവും നിലവാരമുള്ളതുമായ പരിചരണം നൽകുന്നതിന് ഇത്തരത്തിൽ അർബുദചികിത്സാ പരിചരണ രംഗത്ത് പ്രാവീണ്യം നിറഞ്ഞ നഴ്സുമാരെ സൃഷ്ടിക്കുന്നതിന് വേണ്ടി മലബാർ കാൻസർ സെന്റർ 2016 മുതൽ ഇന്ത്യൻ നഴ്സിങ്ങ് കൗൺസിലിന്റെയും കേരള നഴ്സസ് ആന്റ് മിഡ്വൈഫറി കൗൺസിലിന്റെയും അംഗീകാരത്തോടുകൂടി പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ ഓങ്കോളജി നഴ്സിങ്ങ് കോഴ്സ് ആരംഭിച്ചു. 20 വിദ്യാർത്ഥികൾക്കാണ് ഈ കോഴ്സിൽ ഒരു വർഷം പ്രവേശനം അനുവദിക്കുന്നത്. പ്രസ്തുത കോഴ്സിൽ ചേരുന്നതിന് യോഗ്യത B-sc (N/G-NM) ആണ്.എല്ലാ വർഷവും ആഗസ്ത്-സെപ്തംബർ മാസങ്ങളിലാണ് ഈ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നത്.

# മലബാർ കാൻസർ സെന്റർ

## തലശ്ശേരി, കണ്ണൂർ ജില്ല, കേരളം

ഫോൺ: 0490 2355881 ഫാക്സ്: 0490 2355880 ഇ-മെയിൽ: mcctly@gmail.com വെബ്: www.mcc.kerala.gov.in





**Chief Editor:** Dr. B.Satheesan, Director, MCC I **Editorial Team:** Dr. Saina Sunilkumar, Bindu T, Harish Babu, Sobhith V K, Sheena E, Viju V S I **Design & Layout:** Co-op. Press, Kannur-2 I **Printed and Published by** Malabar Cancer Centre, Moozhikkara P.O, Thalassery, Kannur District, Kerala, India-670103. Phone: 0490 2355 881 I Fax: 0490 2355880 I Web: www.mcc.kerala.gov.in I For private circulation only. I **Printed at** Co-operative Press, Kannur-2 Ph: 0497-2707208, 2704648 presskannur@gmail.com